(ബി) റബ്ബർതോട്ടങ്ങൾക്ക് ഭൂപരിധി നിയമത്തിൽ ഇളവ് അനുവദിക്കുന്നതു പോലെ കശുവണ്ടി തോട്ടങ്ങൾക്കും ഇത്തരം ഇളവ് അനുവദിക്കുന്നതിനു ആലോചിക്കുമോ;

(സി) എങ്കിൽ ഇതിന്റെ തീരുമാനം എന്നേക്ക് നടപ്പാക്കും എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) കശുവണ്ടികൃഷിയുടെ പ്രോത്സാഹനത്തിന് താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. കശുമാവ് കൃഷിയുടെ വിസ്തൃതി വ്യാപിപ്പിക്കൽ
2. കശുമാവ് പുനരുദ്ധാരണ പദ്ധതി.
3. സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ.
4. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കൽ.
5. ഒട്ടുതൈകൾ ഉല്പാദിപ്പിക്കുന്നതിനു കൃഷിക്കാർക്ക് പരിശീലനം.
6. സസ്യസംരക്ഷണ ഉപകരണങ്ങളുടെ വിതരണം.

(ബി & സി) തൽക്കാലം പരിഗണനയിലില്ല.

കശുമാവ് കൃഷി നശിപ്പിക്കുന്ന കീടബാധ

139 [2758] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുമാവ് കൃഷിയെ നശിപ്പിക്കുന്ന കീടബാധ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടങ്ങളെ നശിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം കീടബാധമൂലം നഷ്ടമുണ്ടാകുന്ന കശുമാവ് കർഷകർക്ക് സഹായധനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കശുമാവ് കൃഷിയെ നശിപ്പിക്കുന്ന തേയില കൊതുകിനും തണ്ടുതുരപ്പനും എതിരായി കാർഷിക സർവ്വകലാശാല ശുപാർശ ചെയ്തിട്ടുള്ള കീടനാശിനികൾ ഉപയോഗിച്ച് ഏരിയൽ സപ്രേയിംഗ് ഒഴികെയുള്ള സ്പ്രേയിംഗും, മറ്റു സസ്യ സംരക്ഷണ മുറകളും നടപ്പാക്കിവരുന്നു. 2003-2004 വർഷം കേന്ദ്ര സർക്കാർ മുഖേന 20 സസ്യ സംരക്ഷണ ക്യാംപയിനുകൾ വിവിധ ജില്ലകളിൽ നടത്തിയിട്ടുണ്ട്.

(ഡി) മരുന്നു തളിക്കുന്നതിന് ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്.

മണ്ണാർക്കാട് കശുമാവിൻതോട്ടം അഗ്നിബാധയ്ക്കിരയായ സംഭവം

140 [2759] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള മണ്ണാർക്കാട് കശുമാവിൻ തോട്ടം അഗ്നിബാധയ്ക്കിരയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപകടത്തിൽ എത്ര നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്;

(സി) തോട്ടം ലേലം ചെയ്തെടുത്ത ആളുകൾക്ക് സെക്യൂരിറ്റി തുക തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-04 സീസണിൽ മണ്ണാർക്കാട് എസ്റ്റേറ്റിലെ തത്തേംഗലം-2 എന്ന ബ്ലോക്കിൽ ചെറിയ അഗ്നിബാധ ഉണ്ടായി. 3 കശുമാവിന്റെ ചുവട്ടിലെ അടിക്കാട് മാത്രം കത്തിപ്പോയിട്ടുണ്ട്. 2004-05 സീസണിൽ അഗ്നിബാധ ഉണ്ടായിട്ടില്ല.

(ബി) സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല.

(സി) തോട്ടം നേരിൽ കണ്ട് ബോദ്ധ്യപ്പെട്ട് ലേലത്തിൽ പങ്കെടുത്ത് എടുക്കുന്നതിനാൽ കരാറുകാർക്ക് കാലാവധി കഴിയാതെ സെക്യൂരിറ്റി തുക മടക്കി നൽകുവാൻ വ്യവസ്ഥയില്ല.

2/676/2012—25.

LIBRARY ARCHIVES Kerala Legislative Assembly